# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1175

10.08.2017-ന് മറുപടിയ്ക്ക്

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സമുച്ചയ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സമുച്ചയ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ), (ബി), (സി) & (ഡി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സമുച്ചയം നിർമ്മിക്കുന്നതിന് അഞ്ചുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സമുച്ചയം നിർമ്മിക്കുന്നതിലേക്കായി നിലവിലെ പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെങ്ങന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ചെങ്ങന്നൂർ ഡയറ്റിൽ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പഴയ കെട്ടിടം പൊളിച്ചുമാറ്റുവാൻ അനുവാദം നൽകുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ഈ സ്ഥലത്തുള്ള പഴയ എ.ഇ.ഒ ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന്റെ കാലതാമസം വ്യക്തമാക്കുമോ; | | |
| (സി) ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച ഉത്തരവ് വൈകുന്നത് വിദ്യാഭ്യാസ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) പ്രസ്തുത ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി എന്നു ലഭിക്കുമെന്ന് വിശദീകരിക്കാമോ; | | |

സെക്ഷൻ ഓഫീസർ